## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2731 20.06.2013- ൽ മറുപടിക്ക്**

### ഭാഗികമായി തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കാലവർഷക്കെടുതിയിലും പ്രകൃതി ക്ഷോഭത്തിലും ഭാഗികമായി തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) & ബി) | പൂർണ്ണമായി തകർന്ന വീടുകൾക്ക് പക്കാ/കച്ചാ ഭേദമില്ലാതെ 35,000/- രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് പക്കാ/കച്ചാ ഭേദമില്ലാതെ 6,300/- രൂപയുമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം അനുവദനീയമായിട്ടുള്ളത്. ടി തുകകൾ വളരെ അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ പൂർണ്ണമായി തകർന്ന വീടുകൾക്ക് നഷ്ടപരിഹാരമായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള 35,000/- രൂപയും സ്റ്റേറ്റ് ഫണ്ടിൽ നിന്ന് 65,000/- രൂപയും ചേർത്ത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും ഭാഗികമായി തകർന്ന വീടുകൾക്ക് നഷ്ടപരിഹാരമായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള 6,300/- രൂപയും സ്റ്റേറ്റ് ഫണ്ടിൽ നിന്ന് 28,700/- രൂപയും ചേർത്ത് 35,000/- രൂപയും ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ പലതവണ വർദ്ധിപ്പിച്ചെങ്കിലും ഭാഗികമായി തകർന്നവ പുനർനിർമ്മിക്കുന്നതിനുള്ള ആനുകൂല്യം വർദ്ധിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ